STAY HOME
STAY SAFE

Covid19 Jagratha

# കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും

- **പൊതു സ്ഥലങ്ങളിലും വാഹനങ്ങളിലും** എല്ലാവരും നിർബന്ധമായും **മാസ്ക്** ഉപയോഗിക്കേണ്ടതാണ്.
- പൊതു വാഹനങ്ങളിൽ **സീറ്റിംഗ് കപ്പാസിറ്റിയിൽ** കൂടുതൽ പേർ യാത്ര ചെയ്യാൻ പാടുള്ളതല്ല.

## പൊതു പരിപാടികൾ

- വിവാഹങ്ങൾ, മരണാനന്തര ചടങ്ങുകൾ, മറ്റു **പൊതു പരിപാടികൾ,** വിരുന്നുകൾ (മത – സാമൂഹിക പരിപാടികൾ ഉൾപ്പെടെ) എന്നിവ തുറസ്സായ സ്ഥലങ്ങളിൽ **പരമാവധി 100 പേരും അടച്ചിട്ട മുറികളിൽ 50 പേരും** മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.
- ഇത്തരം പരിപാടികൾ നടത്തുന്നവർ നിർബന്ധമായും **കോവിഡ് ജാഗ്രത പോർട്ടലിൽ** 'EVENT REGISTER' സേവനം ഉപയോഗിച്ച് വിവരം നൽകേണ്ടതാണ്.
- രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ അടുത്ത രണ്ടാഴ്ചത്തേക്ക് എല്ലാവിധ **രാഷ്ട്രീയ പ്രകടനങ്ങളും പൊതു പരിപാടികളും നിർത്തിവെക്കേണ്ടതാണ്**
- **10 വയസ്സിനുതാഴെയും 60 വയസ്സിന് മുകളിലുള്ളവരും തിരക്കുള്ള പൊതു ഇടങ്ങളിൽ** പോവരുത്. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ വാക്സിനേഷൻ സ്വീകരിച്ച് മാത്രമേ അത്തരത്തിലുള്ള പ്രദേശങ്ങളിലേക്ക് പോവാൻ പാടുള്ളൂ.

## ആരാധനാലയങ്ങൾ

- **ആരാധനാലയങ്ങളിൽ ഒരേ സമയം** തുറസ്സായ സ്ഥലങ്ങളിൽ **പരമാവധി 100 പേരും അടച്ചിട്ട മുറികളിൽ 50 പേരും** മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ഇവിടങ്ങളിൽ സാമൂഹിക അകലം പാലിക്കുക, മാസ്ക്, സാനിറ്റൈസർ, സന്ദർശക ഡയറി എന്നിവ ഉറപ്പ് വരുത്തേണ്ടതാണ്.

- റംസാൻ മാസത്തിൽ പള്ളികളിൽ നടത്തുന്ന നോമ്പുതുറ ഒഴികെ മറ്റെല്ലാ സംഘടിത **ഇഫ്താർ വിരുന്നുകളും ഒഴിവാക്കാൻ** തീരുമാനിച്ചു. **പായ്ക്ക് ചെയ്ത ഭക്ഷണം** വിതരണം ചെയ്യാം.

## വിനോദ സഞ്ചാര കേന്ദ്രങ്ങൾ

- **ബീച്ച്, പാർക്ക് തുടങ്ങിയ ടൂറിസം കേന്ദ്രങ്ങൾ 5.00 മണിവരെ മാത്രം** പ്രവർത്തിക്കുകയുള്ളു. 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ മേൽ സ്ഥലങ്ങളിൽ പ്രവേശിക്കുന്നതിന് കോവിഡ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കണം
- **ടൂറിസം കേന്ദ്രങ്ങളിൽ ഒരുപരിധിയിലകം ആളുകൾ** കൂടിച്ചേരുന്നപക്ഷം പോലീസ്/സെക്ടറൽ മജിസ്ട്രേറ്റ്/മാനേജർമാർ തുടങ്ങിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലങ്ങളിൽ **പ്രവേശനം നിരോധിക്കേണ്ടതാണ്.**

## ഹോട്ടൽ & റസ്റ്റോറന്റ്

- റസ്റ്റോറൻറുകളിലും, ഹോട്ടലുകളിലും/ഫുഡ്കോർട്ടുകളിലും ഫിസിക്കൽ ഡിസ്റ്റൻസിംഗ് ഉറപ്പു വരുത്തുന്നതിനായി **50% ആളുകളെ മാത്രമെ ഒരേ സമയം** പ്രവേശിപ്പിക്കാൻ പാടുള്ളു. ഇങ്ങനെ പ്രവർത്തിക്കുമ്പോൾ **എയർകണ്ടീഷൻ സംവിധാനം നിർത്തി വെക്കേണ്ടതും** പകരം ഫാനുകൾ ഉപയോഗിക്കാവുന്നതുമാണ്. രാത്രി **9 മണി വരെ മാത്രമേ ആളുകൾക്ക്** ഈ രീതിയിൽ ഭക്ഷണം നൽകാൻ പാടുള്ളൂ.
- Take Home or Home Delivery സംവിധാനം പ്രോൽസാഹിപ്പിക്കേണ്ടതാണ്. Take Home സംവിധാനം ഏർപ്പെടുത്തുമ്പോൾ സാമൂഹിക അകലം ഉറപ്പു വരുത്തുന്നതിനായി QUEUE അടയാളപ്പെടുത്തേണ്ടതാണ്. ഇത് **രാത്രി 10 മാണി വരെ മാത്രം** അനുവദനീയമാണ്.

## ഹാർബറുകൾ

- ഹാർബർ/ഫിഷ് ലാന്റിംഗ് സെന്റർ/എല്ലാവിധ മാർക്കറ്റുകളിലും **ബാരിക്കേഡുകൾ സ്ഥാപിച്ച്** പൊതു ജനങ്ങളെ നിയന്ത്രിക്കേണ്ടതാണ്. മത്സ്യമാർക്കറ്റുകളില ഒരോ കൗണ്ടറുകളും തമ്മിൽ **5 മീറ്റർ അകലവും, ഉപഭോക്താക്കൾക്കിടയിൽ 1 മീറ്റർ അകലവും** പാലിക്കേണ്ടതാണ്.

നിയന്ത്രണങ്ങൾ സംബന്ധിച്ച ബോർഡ് പൊതു ജനങ്ങൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.

## ഷോപ്പിംഗ് മാളുകൾ, സൂപ്പർ മാർക്കറ്റുകൾ, പൊതുജനങ്ങൾ സന്ദർശിക്കുന്ന എല്ലാ സ്ഥാപനങ്ങളും

- ഷോപ്പിംഗ് മാളുകൾ, സൂപ്പർമാർക്കറ്റുകൾ, പൊതുജനങ്ങൾ സന്ദർശിക്കുന്ന എല്ലാ സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കുമ്പോൾ **എയർ കണ്ടീഷൻ സംവിധാനം നിർത്തി വെക്കേണ്ടതും** പകരം ഫാനുകൾ ഉപയോഗിക്കാവുന്നതുമാണ്.
- ഷോപ്പ് മുറികളുടെ/സ്ഥാപനങ്ങളുടെ വിസ്തീർണത്തിന് ആനുപാതികമായി **30 ചതുരശ്രമീറ്ററിന് ഒരാൾ** എന്ന നിലയിൽ മാത്രമേ അകത്ത് പ്രവേശിപ്പിക്കാൻ പാടുള്ളു. ഷോപ്പിന്റെ വിസ്തീർണവും, ഷോപ്പിനകത്ത് പ്രവേശിക്കാൻ അനുവദനീയമായ ആളുകളുടെയും എണ്ണം പുറത്ത് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിലും സാമൂഹിക അകലം ഉറപ്പു വരുത്തുന്നതിനായി QUEUE അടയാളപ്പെടുത്തേണ്ടതാണ്.
- **പൊതുജനങ്ങളെ ആകർഷിക്കുന്ന തരത്തിൽ വാഗ്ദാനങ്ങൾ നൽകിയുള്ള വിലപ്പനകൾ** അനുവദനീയമല്ല.
- മറ്റ് എല്ലാതരം സ്വകാര്യ സ്ഥാപനങ്ങളിലും **ഫിസിക്കൽ ഡിസ്റ്റൻസിംഗ് ഉറപ്പുവരുത്തേണ്ടതും ജീവനക്കാരുടെ സുരക്ഷിതത്വം** അതത് സ്ഥാപന മേധാവികൾ ഉറപ്പുവരുത്തേണ്ടതാണ് .
- ജില്ലയിലെ എല്ലാ **വ്യാപാര/വാണിജ്യ സ്ഥാപനങ്ങളും (അത്യാവശ്യ സാധനങ്ങളുടെത് ഒഴികെ) രാത്രി 9.00 മണിക്ക്** ശേഷം തുറന്ന് പ്രവർത്തിക്കാൻ പാടുള്ളതല്ല

## TESTING

- എല്ലാ തദ്ദേശ സ്ഥാപനങ്ങളും **കോവിഡ് കൺട്രോൾ റൂം പുനഃസ്ഥാപിക്കേണ്ടതും** കോവിഡ് രോഗിയുമായി **സമ്പർക്കത്തിലുള്ള എല്ലാവരെയും ടെസ്റ്റിംഗിന്** വിധേയമാക്കി എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. LSGD RRT, വാർഡ് RRT എന്നിവ പുനഃസ്ഥാപിച്ചു പ്രവർത്തനം ആരംഭിക്കേണ്ടതാണ്. RRT **അവലോകന യോഗം ആഴ്ചയിൽ രണ്ടു തവണ** ചേരേണ്ടതും കൃത്യമായ മിനുട്സ് തയ്യാറാക്കേണ്ടതുമാണ്. കൺവീനർ ആയ സെക്രട്ടറി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതാണ്

- ജില്ലയിൽ **ദിനംപ്രതി 10,000 ടെസ്റ്റ് ആണ് ലക്ഷ്യമിടുന്നത്. പഞ്ചായത്തുകൾ ദിവസേനെ 90 വീതവും മുനിസിപ്പാലിറ്റികളിൽ 270 വീതവും കോർപ്പറേഷനിൽ 2000 വീതവും** ടെസ്റ്റ് ചെയ്യുന്നു എന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ടതാണ്.
- **തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിട്ടുള്ള എല്ലാവരെയും കോവിഡ് ടെസ്റ്റ്** നടത്തി എന്ന് ഉറപ്പാക്കേണ്ടതാണ്.
- **വയോജനങ്ങൾ, മറ്റു രോഗമുള്ളവർ, ലക്ഷണങ്ങൾ ഉള്ളവർ എന്നിവരെയും അധ്യാപകർ, പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾ എന്നിവരെയും ടെസ്റ്റിംഗിന്** വിധേയരാക്കേണ്ടതാണ്.
- ഷോപ്പുകൾ, ഹോട്ടലുകൾ തിരക്കേറിയ മറ്റു സ്ഥാപനങ്ങൾ, എന്നിവിടങ്ങളിലെ **ജീവനക്കാരെയും** ബസ്സുകൾ, ടാക്സികൾ എന്നിവയിലെ ജീവനക്കാരെയും **നിശ്ചിത ഇടവേളകളിൽ കോവിഡ് ടെസ്റ്റിന് വിധേയമാക്കേണ്ടത് സ്ഥാപന ഉടമകളുടെ** ഉത്തരവാദിത്തമാണ്. തദ്ദേശ സ്വയംഭരണ സ്ഥപനങ്ങൾ ഇക്കാര്യങ്ങൾ ഉറപ്പാക്കേണ്ടതാണ് വ്യാപാരസംഘടനകളും തൊഴിലാളി സംഘടനകളും ഇക്കാര്യത്തിൽ ആരോഗ്യ പ്രവർത്തകരെ സഹായിക്കേണ്ടതാണ്. ആവശ്യമുള്ളപ്പോൾ Mobile Testing Van ഉപയോഗിക്കണം. ഇതിനായി DPMSU ടെസ്റ്റിംഗ് കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടാവുന്നതാണ്.

## VACCINATION

- **ഏപ്രിൽ മാസത്തിലെ എല്ലാ ദിവസങ്ങളിലും വാക്സിനേഷൻ** നടത്തുന്നതാണ്.
- **45 വയസ്സിനുമുകളിൽ പ്രായമായ എല്ലാവരും വാക്സിനേഷൻ** വിധേയമാക്കേണ്ടതാണ്. ആരോഗ്യ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ എന്നിവ വഴി ഇക്കാര്യം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനവും ഉറപ്പാക്കേണ്ടതാണ്.
- എല്ലാ **PHCകളിലും ആഴ്ചയിൽ 4 ദിവസങ്ങളിലും താലൂക്ക് ആശുപത്രികളിലും** അതിനു മുകളിലുമുള്ള ആശുപത്രികളിലും എല്ലാ ദിവസങ്ങളിലും വാക്സിനേഷൻ നടത്തുന്നതാണ്.
- വാക്സിനേഷന് ഹാജരാകാത്തവർക്കുവേണ്ടി **എല്ലാ ആഴ്ചകളിലും സോണൽ/വാർഡ് തല വാക്സിനേഷൻ ക്യാമ്പുകൾ** സംഘടിപ്പിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ് .ക്യാമ്പുകളുടെ സ്ഥലം സമയം എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

തീരുമാനിക്കേണ്ടതും ജില്ലാ മെഡിക്കൽ ഓഫീസർ / RCH ഓഫീസർ എന്നിവരെ അറിയിക്കേണ്ടതുമാണ്.

മേൽപറഞ്ഞ നിബന്ധനകൾ വീഴ്ച കൂടാതെ പാലിക്കേണ്ടത് പൗരൻമാരുടെയും സ്ഥാപനങ്ങളുടെ മേധാവികളുടെയും ഉത്തരവാദിത്വമാണ്. ഇവ പാലിക്കാതിരിക്കുന്നത് **ദുരന്ത നിവാരണ നിയമം സെക്ഷൻ 51(b) പ്രകാരം ഒരു വർഷം തടവോ, പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ഉള്ള ശിക്ഷ** ലഭിക്കാവുന്ന കുറ്റമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സെക്ടർമജിസ്ട്രേറ്റും പോലിസും മുഖേന നിർദ്ദേശങ്ങൾ പാലിക്കാത്ത **സ്ഥാപനങ്ങൾ അടച്ചുപൂട്ടാനുള്ള നടപടികൾ** സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഈ നിബന്ധനകൾ/ നിരോധനങ്ങൾ ലംഘിക്കുന്നവർക്കെതിരെ **IPC-269, 188 പ്രകാരമുള്ള നടപടികൾ ജില്ലാ പോലീസ് മേധാവികൾ** സ്വീകരിക്കുന്നതാണ്.

**എസ് സാംബശിവറാവു,**
ജില്ലാ കളക്ടർ & ചെയർമാൻ,
ജില്ലാ ദുരന്ത നിവാരണ അതോറിറ്റി.